പതിമൂന്നാം കേരളനിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 226 | 26.9.2011 ൽ മറുപടിയ്ക്ക്

## അട്ടപ്പാടിയിലെ ഭൂമി കൈമാറ്റം

**ചോദ്യം** | **ഉത്തരം**

ശ്രീ.വി.ചെന്താമരാക്ഷൻ

ശ്രീ.ടി.എം.ജേക്കബ്
(ഭക്ഷ്യവും സിവിൽസപ്ലൈസും
രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | അട്ടപ്പാടിയിലെ കോട്ടത്തറ വില്ലേജിൽ സർവ്വെ നമ്പർ 1273, 1275 കളിലായി മൊത്തം എത്ര ഏക്കർ ഭൂമി നിലവിലുണ്ട്? | (എ) 1273/1- 10 ആർ 50 ച.മീറ്റർ<br>1273/2- 42 ആർ 80 ച.മീറ്റർ<br>1273/3- 22 ആർ 30 ച.മീറ്റർ<br>1273/4- 1 ഹെക്ടർ 50 ആർ 40 ച.മീറ്റർ<br>1275 - 73 ഹെക്ടർ 82 ആർ 75 ച.മീറ്റർ<br>1275/2 - 17 ഹെക്ടർ 10 ആർ 50 ച.മീറ്റർ |
| (ബി) | ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത സർവ്വെ നമ്പരുകളിന്മേൽ രജിസ്റ്റർ ചെയ്ത ഡോക്യുമെന്റുകൾ പ്രകാരം എത്ര ഏക്കർ ഭൂമിയുടെ കൈമാറ്റം നടന്നിട്ടുണ്ട്? | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പ്രസ്തുത സർവ്വെ നമ്പറുകളിൽ കൈമാറ്റങ്ങളൊന്നും രജിസ്റ്ററാക്കിയിട്ടില്ല. |
| (സി) | റവന്യൂ രേഖകൾ പ്രകാരം യഥാർത്ഥത്തിൽ ഉള്ളതിനേക്കാൾ ഭൂമി രജിസ്ട്രേഷൻ നടത്തിക്കൊടുത്തിട്ടുണ്ടോ; എങ്കിൽ എങ്ങനെ സംഭവിച്ചു എന്ന് രജിസ്ട്രേഷൻ വകുപ്പ് പരിശോധിക്കുമോ? | (സി) റവന്യു രേഖകളിൽ ഉള്ളതിനേക്കാൾ കൂടുതൽ ഭൂമി രജിസ്ട്രേഷന് ഹാജരാക്കുന്ന ആധാരത്തിൽ ഉൾപ്പെടുന്നുണ്ടോ എന്ന് രജിസ്റ്ററിങ് ഉദ്യോഗസ്ഥൻ പരിശോധിക്കണമെന്ന് 1908 ലെ രജിസ്ട്രേഷൻ നിയമത്തിലോ അതിനുകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളിലോ വ്യവസ്ഥ ചെയ്തിട്ടില്ല. ആയതിനാൽ ഇക്കാര്യം പരിശോധിക്കാൻ രജിസ്ട്രേഷൻ വേളയിൽ രജിസ്റ്ററിംങ് ഉദ്യോഗസ്ഥന് നിർവ്വാഹമില്ല. |
| (ഡി) | ഇല്ലാത്ത ഭൂമി രജിസ്ട്രേഷൻ നടത്തിക്കൊടുത്ത ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു? | (ഡി) പാലക്കാട് ജില്ലയിൽ മണ്ണാർക്കാട് താലൂക്കിലെ വിവിധ വില്ലേജുകളിൽ ആദിവാസി ഭൂമി അന്യാധീനപ്പെടുത്തിയതായുള്ള ആരോപണങ്ങൾ സംബന്ധിച്ച് സമഗ്രമായ വിജിലൻസ് അന്വേഷണം നടത്തുന്നതിന് സ.ഉ.(സാധാ) നമ്പർ 4866/10/റവ തീയതി 12.11.2010 പ്രകാരം തീരുമാനമെടുത്തിട്ടുണ്ട്. |
| (ഇ) | ഇത്തരം കൃത്രിമങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്? | (ഇ) വ്യക്തികൾ, പരിധിയിൽ കവിഞ്ഞ് ഭൂമി സ്വന്തമാക്കുന്നത് തടയുന്നതിനായി, രജിസ്ട്രേഷൻ വകുപ്പിന്റെ 'PEARL' Software പുതുക്കി പരീക്ഷണം നടത്തി വരികയാണ്. |

(ഒപ്പ്) Reena

സെക്ഷൻ ഓഫീസർ